## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 629 — 24.05.2017 ൽ മറുപടിയ്ക്ക്

# സമഗ്ര ശിശു സംരക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി :<br>ശ്രീ ബി.ഡി.ദേവസ്സി<br>" കെ.ജെ.മാക്സി<br>" സി.കെ.ശശീന്ദ്രൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് സമഗ്ര ശിശു സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ശിശുക്കളുടെ സംരക്ഷണത്തിനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ബി)<br>(1) നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെക്കുറിച്ചുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റികളും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.<br>(2) രക്ഷിതാക്കൾ ഏറ്റെടുക്കാൻ തയ്യാറാകാത്തതോ ജാമ്യം അനുവദിക്കാൻ സാധിക്കാത്തതോ ആയ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനു വേണ്ടി 14 ഒബ്സർവേഷൻ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.<br>(3) സ്ഥാപനേതര പരിപാടികളായ ദത്തെടുക്കൽ, ഫോസ്റ്റർകെയർ, സ്പോൺസർഷിപ്പ് എന്നീ പരിപാടികളിലൂടെ കുടുംബ സംരക്ഷണം നൽകാൻ സാധിക്കാത്ത ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനും പുന:രധിവാസത്തിനുമായി ചിൽഡ്രൻസ് ഹോമുകൾ പ്രവർത്തിക്കുന്നു.<br>(4) കുറ്റം ചെയ്തുവെന്ന് തെളിഞ്ഞ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണ |

ത്തിനും സ്വഭാവ പരിവർത്തനത്തിനും പുനരധിവാസത്തിനുമായി രണ്ട് സ്പെഷ്യൽ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു

(5) ഗുരുതരമായ കുറ്റകൃത്യത്തിലേർപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനും സ്വഭാവപരിവർത്തനത്തിനും പുന:രധിവാസത്തിനുമായി പ്ലേസ് ഓഫ് സേഫ്റ്റി എന്ന ഒരു സ്ഥാപനം തൃശ്ശൂരിൽ പ്രവർത്തിക്കുന്നു.

(6) അലഞ്ഞു തിരിഞ്ഞു നടക്കുന്നതും യാചക വൃത്തിയിലേർപ്പെട്ടതുമായ കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി 3 ഓപ്പൺ ഷെൽട്ടറുകൾ സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

(7) ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന 2012 ലെ പോക്സോ ആക്ട് മറ്റ് വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

(8) പോക്സോ ആക്ട് സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ബന്ധപ്പെട്ട പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഐ.സി.പി.എസ്.ലൂടെ നടത്തുന്നു.

(9) കുട്ടികളുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 19 പോലീസ് ജില്ലകളിലും സ്പെഷ്യൽ പോലീസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(സി) കുട്ടികളുടെ ബൗദ്ധിക കഴിവുകൾ വികസിപ്പിക്കാനും അവരുടെ ആരോഗ്യ പരിപാലനത്തിനുമുള്ള എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകളിൽ സംക്ഷിക്കപ്പെടുന്ന കുട്ടികളുടെ ബൗദ്ധികമായ കഴിവുകൾ വികസിപ്പിക്കുന്നതിനു വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുന്നതിനും പഠനത്തിന് താല്പര്യമില്ലാത്ത കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പാഠ്യേതര പ്രവർത്തനങ്ങൾക്കും മാനസികോല്ലാസത്തിന് വേണ്ടിയുള്ള വിവിധ പരിശീലനങ്ങളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ, സ്പെഷ്യൽ ഹോമുകൾ, പ്ലേയ്സ് ഓഫ് സേഫ്റ്റി എന്നീ സ്ഥാപനങ്ങളിലെ കുട്ടികളുടെ ആരോഗ്യ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. സ്ഥാപനങ്ങളുടെ സമീപത്തുള്ള സർക്കാർ ആശുപത്രിയിലേയോ,

ഹെൽത്ത് സെന്ററുകളിലെയോ ഡോക്ടർമാർ സ്ഥാപനങ്ങൾ സന്ദർശിച്ച് കുട്ടികളെ പരിശോധിക്കാറുണ്ട്. രോഗം ബാധിച്ച കുട്ടികൾക്ക് സർക്കാർ ആശുപത്രികളിലേയും മെഡിക്കൽ കോളേജുകളിലെയും ചികിത്സ ലഭ്യമാക്കാറുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ എത്ര ശതമാനം വീതമെന്ന് വ്യക്തമാക്കാമോ ?

(ഡി) 01.04.2015 മുതൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ ഫണ്ടിംഗ് പാറ്റേൺ പ്രകാരമുള്ള കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം എന്നിവ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | ഘടകങ്ങൾ | വിഹിതം |
|---|---|---|
| 1 | ഐ.സി.പി.എസ് ഘടകങ്ങളായ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ, സർക്കാർ ആഭിമുഖ്യത്തിലുള്ള ഹോമുകൾ എന്നിവയ്ക്ക് | **കേന്ദ്ര വിഹിതം - 60%** **സംസ്ഥാന വിഹിതം - 40%** |
| 2 | സ്റ്റാറ്റ്യൂട്ടറി ബോഡികളായ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ എന്നിവയ്ക്ക് | **കേന്ദ്ര വിഹിതം - 35%** **സംസ്ഥാന വിഹിതം - 65%** |
| 3 | NGO മാർ നടത്തുന്ന സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ, ഓപ്പൺ ഷെൽട്ടറുകൾ എന്നിവയ്ക്ക് | **കേന്ദ്ര വിഹിതം - 60%** **സംസ്ഥാന വിഹിതം - 30%** **NGO വിഹിതം - 10%** |

**സെക്ഷൻ ഓഫീസർ**